"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ യു.ഡി.ടൈപ്പിസ്റ്റ് ആയ ശ്രീമതി അമ്പിളി എൻ.-ന് മെഡിക്കൽ റീഇംബസ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2364/2020/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 21/12/2020

പരാമർശം:- 1. ശ്രീമതി അമ്പിളി എൻ. സമർപ്പിച്ച 11.06.2019 ലെ മെഡിക്കൽ റീഇംബസ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.09.2020ലെ ഇ14-7832/2020/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29.05.2020 ലെ (എൽ.ഡിസ്. ) എം.ആർ1-82216/2019/ആ.വ.ഡ നമ്പർ കത്ത്.

ഉത്തരവ്

പത്തനംതിട്ട എൽ.എസ്.ജി.ഡി. ഡിവിഷനിൽ യു.ഡി.ടൈപ്പിസ്റ്റ് ആയ ശ്രീമതി അമ്പിളി എൻ. ന്റെ ചികിത്സയ്ക്ക് തിരുവനന്തപുരം കോസ്മോപോളിറ്റൻ ആശുപത്രിയിൽ 19/03/2019 - 13/04/2019 കാലയളവിൽ ചെലവായ 1,35,392/- രൂപ(ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർ ശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം 2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീമതി അമ്പിളി എൻ.- ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 74,237/- രൂപ (എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പത്തനംതിട്ട എൽ.എസ്.ജി.ഡി. ഡിവിഷനിൽ യു.ഡി.ടൈപ്പിസ്റ്റ് ആയ ശ്രീമതി അമ്പിളി എൻ. ന്റെ ചികിത്സയ്ക്ക് തിരുവനന്തപുരം കോസ്മോപോളിറ്റൻ ആശുപത്രിയിൽ 19/03/2019 - 13/04/2019 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 59,390/- രൂപ (അൻപത്തി ഒൻപതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01 – Salaries – Medical Reimbursement" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീമതി അമ്പിളി എൻ.,യു.ഡി.ടൈപ്പിസ്റ്റ്

   *(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)*

2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം) .

3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (11-12-2020ലെ 1615687/L3/404/2020-Finനമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKANTH G
Date: 2020.12.11 15:51:41 IST
Reason: Approved
സെക്ഷൻ ഓഫീസർ